# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKLM/P11/1715/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 31/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM/P11/1715/2021 തീയ്യതി: 31/05/2022

# കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിജി വർഗ്ഗീസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.രഞ്ജിത് കുമാർ ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. അമ്പിളി ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രാജശ്രീ സി.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജി.സരസ്വതി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി മേരിലത ജെ. | സെക്രട്ടറി | 01-04-2019 | 01-07-2019 |
| ശ്രീ ജോസ് പ്രകാശ് റ്റി.ഐ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2019 | 01-08-2019 |
| ശ്രീമതി മേരിലത ജെ. | സെക്രട്ടറി | 02-08-2019 | 22-10-2019 |
| ശ്രീ ജോസ് പ്രകാശ് റ്റി.ഐ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2019 | 27-10-2019 |
| ശ്രീ. രാധാകൃഷ്ണൻ ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസ് പ്രകാശ് റ്റി.ഐ. | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതാ സി.എൻ. | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മുരളി എം.പിള്ള | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ഡോ.മനോജ് ജോൺസൺ | വെറ്ററിനറി സർജൻ | 01-04-2019 | 15-01-2020 |
| ഡോ.രാജീവ് എം. | വെറ്ററിനറി സർജൻ | 16-01-2020 | 31-03-2020 |
| ഡോ.എം.ജയകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ലക്ഷ്മി | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി ലാലി റ്റി.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 26-01-2020 |
| ശ്രീമതി വൽസലകുമാരി രാഗി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 27-01-2020 | 31-03-2020 |
| ശ്രീമതി മീര | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 01-12-2019 |
| ശ്രീ. സുധീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-12-2019 | 31-03-2020 |
| ശ്രീ.ഗണേഷ് കുമാർ | കൃഷി ഓഫീസർ | 01-04-2019 | 03-07-2019 |
| ശ്രീമതി ചിത്ര കെ.ആർ. | കൃഷി ഓഫീസർ | 04-07-2019 | 31-10-2019 |
| ശ്രീമതി ടെസ്സി റേച്ചൽ തോമസ് | കൃഷി ഓഫീസർ | 01-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി സരള എൽ. | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ശ്രീ. ഉദയകുമാർ എൻ. | ഹെഡ് മാസ്റ്റർ | 01-06-2019 | 06-06-2019 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | ഹെഡ് മാസ്റ്റർ | 07-06-2019 | 31-03-2020 |
| ഡോ.അഞ്ജു വിജയൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-03-2019 | 01-05-2019 |
| ഡോ.ജോൺ | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 02-05-2019 | 02-06-2019 |
| ഡോ.ശോഭാ കെ. | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി.) | 03-06-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajasree.C.R (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Rajasree.C.R (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: G.Ambili (Senior Grade Auditor, On 06-05-2022)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 27-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-7 |
| 9 | മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ട് നൽകിയതായി രേഖപ്പെടുത്തി 4400/-രൂപ അപഹരിച്ചു<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-7-1 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 1-7-2 |
| 11 | സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 1-7-3 |
| 12 | ക്യാഷ് പരിശോധന<br>Written By: Rajasree.C.R (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Rajasree.C.R (Auditor, On 14-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biji Varghese (Audit Officer (HG), On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-10 |
| 15 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajasree.C.R (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-11 |
| 16 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Rajasree.C.R (Auditor, On 23-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-12 |

| | | |
|---|---|---|
| 17 | വാടക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-13 |
| 18 | ഡീസൽ നിറയ്ക്കൽ - അധികം പിൻവലിച്ച 1000/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 1-14 |
| 19 | തുമ്പൂർ മൂഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Biji Varghese (Audit Officer (HG), On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 06-05-2022) | 1-15 |
| 20 | ഫോട്ടോകോപ്പി - ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 21429/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 1-16 |
| 21 | ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 69815/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 1-17 |
| 22 | മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 1-18 |
| 23 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 1852082/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 1-19 |
| 24 | പദ്ധതി അടങ്കൽ തുകയിൽ അധികം നൽകിയ 33686/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-20 |
| 25 | മഴക്കാല രോഗപ്രതിരോധങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Rajasree.C.R (Auditor, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-05-2022) | 1-21 |
| 26 | വസ്തുവിന്റെ വിസ്തീർണ്ണത്തിനു ആനുപാതികമായി ആനുകൂല്യം നിജപ്പെടുത്തേണ്ടതാണ്<br>Written By: Ranjith Kumar G (Audit Officer (HG), On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 1-22 |
| 27 | ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Ranjith Kumar G (Audit Officer (HG), On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 69815/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 3-1 |
| 2 | ഡീസൽ നിറയ്ക്കൽ - അധികം പിൻവലിച്ച 1000/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 3-2 |

| | | |
|---|---|---|
| 3 | മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു<br>Written By: Anilkumar S (Senior Grade Auditor, On 25-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം സ്ഥിര നിക്ഷേപം<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 31-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 05-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 30-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajasree.C.R (Auditor, On 20-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 09-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

16.02.19 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.03.20 തീയതിയിലെ 5(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30.07.20 | 30.06.20 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) 3-3-20 തീയതിയിലെ 25800/-രൂപ പോസ്റ്റ് ഷിഫ്റ്റിംഗിനായി ചെലവഴിച്ചെങ്കിലും ആയത് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2) വികസനഫണ്ട് ജനറലിന്റെ ഒന്നാം ഗഡുവിൽ സോഴ്സ് ഡിഡക്ഷൻ വന്ന 366/- രൂപ സുലേഖാ സ്റ്റേറ്റ്മെന്റിൽ ജി.ഓ. പ്രോജക്ടായി ഉൾപ്പെടുത്തിയില്ല.

3) കുളക്കട സർവ്വീസ് സഹകരണബാങ്കിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheques Deposited But Not Collected ആയി കാണിച്ചിരിക്കുന്ന 750/-രൂപ നാളിതുവരെ വരവു വന്നിട്ടില്ല.

4) Advance To Implementing Agencies എന്ന പേരിൽ നൽകിയിരിക്കുന്ന തുകകളിൽ വിനിയോഗം രേഖപ്പെടുത്തിയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5) വാടക, വസ്തു നികുതി എന്നിവയുടെ കളക്ഷൻ തുകകൾ രജിസ്റ്ററുകളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
6) RP-45-ൽ ലോൺതുകയുടെ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,93,60,098/- |
| വരവ് | 75210365/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,15,70,463/- |
| ചെലവ് | 654,76,000/- |
| നീക്കിബാക്കി | 3,60,94,846/- |
| വരവിനങ്ങളിലെ നഷ്ടം | 6,392/- |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,11,630/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,97,197/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18328000/- | 18328000/- | 13057128/- | 5270872/- | |
| വികസന ഫണ്ട്- | 0 | 14449000/- | 14449000/- | 7210727/- | 7238273/- | |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 14011454/- | 14011454/- | 5717993/- | 8293461/- | |
| മെയിന്റനൻസ്, റോഡ് | 0 | 20242000/- | 20242000/- | 9054868/- | 11187132/- | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5326000/- | 5326000/- | 1829423/- | 3496577/- | |
| കേരളോൽസവം | | 20000/- | 20000/- | 20000/- | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 1000/- | 1226845/- | 1227845/- | 862670/- | 365175/- | |
| റ്റി.എസ്.സി | 1617567/- | 982/- | 1618549/- | 576836/- | 1041713/- | |
| ഐ.സി.ഡി.എസ് | 1167338/- | 1207813/- | 2375151/- | 2000000/- | 375151/- | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 3293380/- | 3293380/- | 2680000/- | 375151/- | |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 109211/- | 109211/- | 0 | 109211/- | |
| പാലം കോംപൻസേഷൻ എമൌണ്ട് | 0 | 463700/- | 463700/- | 0 | 463700/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (തുക) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (തുക) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 242 | 116242232/- | 89 | 46676708/- | 88 | 65 | 36.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000/- | 1226845/- | 1227845/- | 862670/- | 365175/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 36651931/- | 36651931/- | 36651931/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 209520/- | 58 |
| കർഷകതൊഴിലാളി പെൻഷൻ | 649200/- | 198 |
| വിധവാപെൻഷൻ | 4899600/- | 1623 |
| വാർദ്ധക്യകാലപെൻഷൻ | 9645000/- | 3177 |
| വികലാംഗപെൻഷൻ | 1546800/- | 460 |
| അവിവാഹിതയായിട്ടുള്ള 50 വയസ്സ് കഴിഞ്ഞവർക്കുള്ള പെൻഷൻ | 291000/- | 106 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000/- | 2 |

1-7-1 മരണമടഞ്ഞ ഗുണഭോക്താക്കൾക്ക് പെൻഷൻ നേരിട്ടു നൽകിയതായി രേഖപ്പെടുത്തി 4400/-രൂപ അപഹരിച്ചു

വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ശ്രീമതി.ചെല്ലമ്മ, പ്ലാവറക്കുഴിയിൽ കിഴക്കേപ്പുര, പൂവറ്റൂർ വെസ്റ്റ് (103210600773) 22-1-18 ൽ മരണമടയുകയും ടിയാരിക്ക് എപ്രിൽ 2018 മുതൽ ജൂലായ് 2019 വരെയുള്ള പെൻഷൻ 4400/-രൂപ മരണശേഷം നേരിട്ട് വിതരണം നടത്തുകയും ചെയ്തിരിക്കുന്നു. ആയതിനു മുൻപ് 2017 ഡിസംബർ മുതൽ മാർച്ച് 2018 വരെയുള്ള തുക കക്ഷി മരണപ്പെട്ടതിനാൽ വിതരണം ചെയ്തിട്ടില്ലെന്ന് രേഖപ്പെടുത്തിയ ശേഷമാണ് എപ്രിൽ 2018 മുതൽ ജൂലായ് 2019 വരെയുള്ള പെൻഷൻ കുളക്കട സർവ്വീസ് സഹകരണ ബാങ്ക് വഴി വിതരണം നടത്തിയത്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ടി വിഷയം സംബന്ധിച്ച് കുളക്കട സർവ്വീസ് സഹകരണബാങ്കിന് കത്ത് നൽകുന്നതും അനധികൃതമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ബാങ്ക് വഴിയുള്ള പെൻഷൻ വിതരണത്തിൽ വിശദമായ പരിശോധന നടത്തേണ്ടതും അപാകതയ്ക്ക് ഉത്തരവാദിയായവർക്കുമേൽ മാതൃകാപരമായ വകുപ്പുതല നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.28/23.11.2021

1-7-2 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

കുളക്കട ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ, പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2019-20 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | ഈശ്വരിയമ്മ | വിധവാ പെൻഷൻ | 103210600808 | 4-1-19 | 2/19-7/19 | 7700/- |
| 2 | അലക്സ് | വാർദ്ധക്യകാല പെൻഷൻ | 103210203692 | 30-1-19 | 2/19-7/19 | 7000/- |
| 3 | ഉഷാകുമാരി | വിധവാ പെൻഷൻ | 103210600086 | 6-2-19 | 3/19-4/19 | 2400/- |
| 4 | രാജമ്മ | വിധവാ പെൻഷൻ | 103210601433 | 7-2-19 | 3/19-4/19 | 2400/- |
| 5 | ശാമുവൽ | വാർദ്ധക്യകാല | 103210200411 | 1-3-19 | 4/19-7/19 | 6000/- |

| | | | | | | |
|---|---|---|---|---|---|---|
| | | പെൻഷൻ | | | | |
| 6 | സാറാമ്മാ ജോർജ്ജ് | വാർദ്ധക്യകാല പെൻഷൻ | 103210200105 | 28-2-19 | 3/19-7/19 | 7500/- |
| 7 | ശ്യാമള കുമാരി | വാർദ്ധക്യകാല പെൻഷൻ | 103210202659 | 20-3-19 | 4/19-7/19 | 4800/- |
| 8 | ജോഷ്വാ | വാർദ്ധക്യകാല പെൻഷൻ | 103210203277 | 18-12-19 | 1/20-10/21 | 31400/- |
| | | | | | ആകെ | 69200/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 69200/-രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക മരണപ്പെട്ടവരുടെ അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29/23.11.2021

1-7-3 സർവ്വീസ് പെൻഷൻകാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 14 പേർ ആണ് അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. ആയതിൽ 7 പേർ തുക തിരികെ ഒടുക്കിയിട്ടുണ്ട്. ശേഷിക്കുന്നവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | പെൻഷൻ കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | ദാസമ്മ | 103210601312 | 4/16-4/19 | 36000/- |
| 2 | രാധാമണി പിള്ള | 103210601562 | 7/16-4/19 | 60800/- |
| 3 | ജോയിക്കുട്ടി | 103210203380 | 5/17-4/19 | 35600/- |

| | | | | |
|---|---|---|---|---|
| 4 | കോമളാംബിക | 103210202921 | 10/16-4/19 | 39600/- |
| 5 | തങ്കമ്മ | 103210202187 | 8/15-4/19 | 59900/- |
| 6 | ശാന്തകുമാരിയമ്മ | 103210202122 | 12/15-4/19 | 54400/- |
| 7 | രമണി | 103210601468 | 4/15-4-19 | 60800/- |
| ആകെ | | | | 347100/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നു സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2021 തീയതിയിൽ 3.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43622/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കുന്നതിൽ അപാകതകളുണ്ട്. ഡി.&ഒ. ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ലോഗ് ബുക്കിന്റെയും ഡീസൽ നിറച്ച രേഖകളുടെയും പരിശോധനയിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമായി സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഫണ്ടുകൾ നോട്ടീസ്, ബാനറുകൾ, അനൌൺസ്മെന്റ് എന്നിവയ്ക്കാണ് പ്രധാനമായും ചെലവഴിക്കുന്നത്. കൊതുക് നിവാരണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ രീതിയിൽ തുക ചെലവഴിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷണർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്യുകാണുന്നു. ഇത്തരത്തിൽ ക്രമരഹിതമായി പണം നൽകിയതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവരും സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റുന്നു. വിവിധ ഫണ്ടുകൾ അക്കൌണ്ട് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കാൻ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.02.2021 മുതൽ 20.02.21 വരെ | 04/20 മുതൽ 12/20 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2021 മുതൽ 20.01.21 വരെ | 2015-16 മുതൽ 2019-20 വരെ | ലഭിച്ചില്ല |

1-11 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | എസ്.വി.എം.എം. ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, വെണ്ടാർ | II |
| 2. | എസ്.വി.എം.എം. ടി.ടി.ഐ., വെണ്ടാർ | II |
| 3. | എസ്.സി.ഡവലപ്മെന്റ് ഓഫീസ്, (ഗവ.നേഴ്സറി സ്കൂൾ) | II |
| 4. | വെണ്ടാർ ദേവസ്വം | II |
| 5. | സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്, വെണ്ടാർ | II |
| 6. | സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക്, താഴത്തുകുളക്കട | II |
| 7. | ബഥാനിയ കാഷ്യൂ കമ്പനി, മാവടി | II |
| 8. | മേരിറാണി പോപ്പുലർ നിധി ലിമിറ്റഡ്, പൂത്തൂർ | II |
| 9. | സെന്റ് പോൾസ് കാഷ്യൂ ഫാക്ടറി, പാക്കിംഗ് സെന്റർ, ചുങ്കത്തറ | II |
| 10. | കൈരളി എക്സ്പോർട്സ് | II |
| 11 | കുളക്കട ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 12. | ഏറത്തുകുളക്കട ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 13. | പൂവറ്റൂർ വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 14. | പൂവറ്റൂർ ഈസ്റ്റ് ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 15. | വെണ്ടാർ ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 16. | ആറ്റുവശ്ശേരി ക്ഷീരോൽപ്പാദക സഹകരണസംഘം | I, II |
| 17. | പഞ്ചായത്തിലെ കരാറുകാർ | I, II |
| 18. | റേഷൻ ഷോപ്പ്, ARD No.42, 39, 217, 316, 37, 43, 36, 292, 291, | I, II |

| | | |
|---|---|---|
| | 290, 289, 251 | |

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. നികുതി കുടിശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.19/2019-2020/18.11.2021

## 1-12 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവിന്റെ രജിസ്റ്ററും റിട്ടേൺ സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, വെണ്ടാർ, മുത്തൂറ്റ് ഫിനാൻസ്, പൂവറ്റൂർ വെസ്റ്റ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, വെണ്ടാർ | II |
| 2. | മുത്തൂറ്റ് ഫിനാൻസ്, പൂവറ്റൂർ വെസ്റ്റ് | II |

നികുതി കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.18/2019-2020/17.11.2021

## 1-13 വാടക ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിൽ തൻവർഷം വാടക പൂർണ്ണമായി ഒടുക്കു വരുത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽ വിലാസം | ഷോപ്പിംഗ് കോംപ്ലക്സ്, റൂം നം. | ഈടാക്കാനവശേഷിക്കുന്ന കാലയളവ് | വാടക |
|---|---|---|---|---|
| 1 | ഗോപകുമാർ, സായീ പ്രസന്നം | ഏറത്തു കുളക്കട റൂം നം.2 | ആഗസ്റ്റ് 2019 മുതൽ മാർച്ച് 2020 വരെ | 2607*8=20856 |
| 2 | മാഹീൻ, കൊച്ചുവിള ത്തുണ്ടിൽ | പുത്തൂർ, റൂം നം. 8 | നവംബർ 2019 മുതൽ മാർച്ച് 2020 വരെ | 5458*5=27290 |

വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം

ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വാടക കുടിശ്ശിക ഈടാക്കാൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/2019-2020/17.11.2021

1-14 ഡീസൽ നിറയ്ക്കൽ - അധികം പിൻവലിച്ച 1000/-രൂപ നിരാകരിക്കുന്നു.

2020 ഫെബ്രുവരി മാസം 18, 19 തീയതികളിൽ നടന്ന പഞ്ചായത്ത് ദിനാഘോഷപരിപാടിയ്ക്ക് പോയ ഗ്രാമപഞ്ചായത്ത് വക ജീപ്പിന് 19-ാം തീയതി തിരികെ വരുമ്പോൾ കോഴിക്കോട് ജെ.ജെ ഫ്യുവൽസിൽ നിന്ന് 2500/-രൂപയ്ക്ക് ഡീസൽ നിറച്ചതിന്റെ ബില്ല് വൌച്ചറിൽ ഉൾപ്പെടുത്തുകയും, ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ആവശ്യത്തിന് 3500/-(ചെക്ക് നം- 030050/29.2.20) രൂപ പിൻവലിച്ചതായി കാണുന്നു. 1000/-രൂപ അധികം പിൻവലിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 1000/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-4/ 15.11.21

1-15 തുമ്പൂർ മൂഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം – 185/19-20

അടങ്കൽ – 1300000/-

കരാറുകാരൻ – ഡി. വിശ്വംഭരൻ

എഗ്രി. നം-തീയതി-31/ae/18-19 Dt 27/7/18

ബിൽ നം-തീയതി-4/19-20 Dt 7-6-19 – 447048/-

5/19-20 Dt 7-6-19 – 286240/-

അസി.എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ആരംഭിച്ച വിവിധ സ്ഥലങ്ങളിൽ തുമ്പൂർ മൂഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് പൊതുസ്ഥലങ്ങളിൽ തുമ്പൂർ മൂഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. എയ്റോബിക് ബിൻ സ്ഥാപിച്ച തുരുത്തിലമ്പലം മാർക്കറ്റ്, ഗവ.എൽ.പി.എസ്. കുളക്കട എന്നീ സ്ഥലങ്ങൾ ഓഡിറ്റ് ടീം 18-11-21ൽ എ.ഇ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. 27-7-18ൽ കരാർ വച്ച പ്രവൃത്തി 7-12-18ൽ പൂർത്തീകരിക്കേണ്ടതാണ്. ബിൽ നം.4/19-20, 5/19-20 Dt 7-6-19 പ്രകാരം 733288/- രൂപ പാർട്ട് ബിൽ ആയി നല്കിയിട്ടുണ്ട്. പാർട്ട് ബില്ലിൽ നിന്നും ലേറ്റ് ഫൈൻ, റിട്ടൻഷൻ തുക, നിയമാനുസൃത നികുതികൾ എന്നിവ കിഴിച്ച് 685551/-രൂപ കരാറുകാരന് നല്കിയിട്ടുണ്ട്.

ഈ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരന് പല പ്രാവശ്യം കത്ത് നല്കിയതല്ലാതെ മറ്റ് നിയമ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എ.ഇ പ്രസ്തുത പണി പൂർത്തീകരിച്ചിട്ടില്ലെന്ന വിവരം കാണിച്ച് 16-9-20ൽ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.1/ 11-11-21 ന് നല്കിയ മറുപടിയിൽ കരാറുകാരന് പലപ്രാവശ്യം കത്ത് നല്കിയെങ്കിലും പണി പൂർത്തീകരിക്കാത്തതിനാൽ ടിയാൾക്ക് എതിരെ നിയമനടപടി സ്വീകരിക്കാൻ 05-11-21 ലെ

24(1)-ാം നം തീരുമാനപ്രകാരം കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 ഫോട്ടോകോപ്പി - ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 21429/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ ഫോട്ടോകോപ്പി മെഷീൻ കേടായതിനെ തുടർന്ന് 2019-20 വർഷത്തിൽ ഫോട്ടോകോപ്പിയെടുത്ത ചെലവ് താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | തുക(രൂപ) | ചെക്ക് നം/തീയതി |
|---|---|---|
| 5/19 | 1131/- | 020611/13.5.19 |
| 6/19 | 1960/- | 020702/8.6.19 |
| 7/19 | 1220/- | 020934/9.8.19 |
| 8/19 | 1873/- | 030473/7.9.19 |
| 10/19 | 2091/- | 030722/6.11.19 |
| 11/19 | 2954/- | 030812/6.12.19 |
| 12/19 | 3962/- | 030953/4.1.20 |
| 1/20 | 3645/- | 030026/4.2.20 |
| 2/20 | 2593/- | 030187/5.3.20 |
| ആകെ | 21429/- | |

ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകളിൽ കളർ പ്രിന്ററുകൾ ഉൾപ്പെടെ പത്തോളം പ്രിന്ററുകൾ ഉണ്ടെന്നിരിക്കെ ഇത്രയധികം കോപ്പികൾ പുറത്തുനിന്നും എടുക്കേണ്ടിവന്നതിന്റെ ആവശ്യകത വ്യക്തമല്ല. ഫോട്ടോകോപ്പിയെടുത്ത സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇലക്ഷൻ സംബന്ധിച്ച പകർപ്പുകൾ എടുക്കേണ്ടി വന്നിട്ടുള്ളതും, ആയതിന് നിശ്ചിതമാതൃകയിലുള്ള ബില്ലുകൾ ലഭിക്കാറില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇലക്ഷൻ സംബന്ധിച്ച പകർപ്പുകൾ എടുക്കേണ്ടി വന്ന ചെലവ് മേൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും, ബില്ലുകളുടെ അഭാവത്തിലും 21429/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-12/ 15.11.21

1-17 ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 69815/-രൂപ നിരാകരിക്കുന്നു.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-24K-1239 എന്ന ബൊലേറോ ജീപ്പിന് ഡീസൽ നിറച്ചതിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ലോഗ് ബുക്കും, ഡീസൽ നൽകിയ സ്ഥാപനത്തിന്റെ ബില്ലുകളും പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞു. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോഗ് ബുക്കിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ ഒരോ ദിവസവും യാത്രചെയ്ത കിലോമീറ്ററുകളിൽ വ്യാപകമായ വെട്ടിത്തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

2) മിക്ക യാത്രകളും യാത്രചെയ്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) മിക്ക യാത്രകളും യാത്രചെയ്ത സ്ഥലം രേഖപ്പെടുത്തുന്നില്ല.

4) യാത്രചെയ്ത കിലോമീറ്ററുകൾ ഉൾപ്പെടുത്തി ആകെ കിലോമീറ്ററുകൾ ലോഗ് ബുക്കിൽ രേഖപ്പടുത്തുമ്പോൾ വലിയ വ്യത്യാസമുണ്ടാകുന്നു.

5) ടാങ്ക് കപ്പാസിറ്റി (60 Lit)യേക്കാൾ കൂടുതൽ ഡീസൽ നിറച്ചതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു.

6) യാത്രചെയ്ത കിലോമീറ്ററുകളും ഡീസൽ നിറച്ചതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (23.12.17-ലെ No.200/Q/17/(245), 20.7.2019-ലെ No.200/Q/2019/(115)എന്നീ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റുകൾ പ്രകാരം 11KM/1 Lit. എന്നതാണ്) ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡീസൽ നിറച്ച കാല യളവ് | യാത്രചെയ്ത കിലോമീറ്റർ | നിറച്ച ഡീസൽ (ലിറ്റർ) നൽകിയ തുക ചെക്ക്നം/തീയതി | നിറച്ച ഡീസൽ പ്രകാരം യാത്രചെയ്യേണ്ട ദൂരം | ആയതിലെ വ്യത്യാസം (കിലോമീറ്റർ) | അവശേഷിക്കുന്ന ഡീസൽ (ലി) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 2/19 | 3716 (124284 To 128000) | 468.06(31.1.19- ബാലൻസ് 42 Lit.ഉൾപ്പെടെ) Rs.30003/- (020712/20.6.19 | 5148.66 | 1432.66 | 130.24 | 8348.38/- |
| 3/19 | 2598-1816 =782 (128000 To 130598) | 251.16 Rs.15790/ (020712/ 20.6.19 ) | 2767.6 | 1985.6 | 180.5 | 11348/- |
| 4/19 | 3891-2634 =1347 (130598 To 134579) | 0 | 0 | 0 | 0 | 0 |
| 5/19 | 2891 (134579 To 137470) | 341.2 Rs.24104/- (020931/9.8.19) | 3753.2 | 862.2 | 78.38 | 5537/- |
| 6/19 | 2583 (137470 To 140053) | 328.08 Rs.22574/- (020931/9.8.19) | 3608.8826 | 1025.88 | | 6416/- |
| 7/19 | 3032 (140053 To 143085) | 344.96 Rs.24199/- (030470/7.9.19) | 3794.56 | 762.56 | 69.32 | 4852/- |
| 8/19 | 2838 (143085 To 145923) | 452.96 Rs.53348/- (030691/ 2.11.19) | 4982.56 | 2144.56 | 194.96 | 22015/- |
| 9/19 | 2113 (145923 To 148036) | 313.4 (മേൽ ചെക്ക് നം) | 3447.4 | 1334.4 | 121.3 | |
| 10/19 | 2939 (148036 To | 300.42 | 3304.62 | 365.62 | 33.2 | Payment നൽകിയ |

| | | | | | | |
|---|---|---|---|---|---|---|
| | 150975) | | | | | വിശദാംശം ലഭ്യമല്ല. |
| 11/19 | 2642 (150975 To 153617) | 295.19 Rs.19110/- (030876/ 26.12.19) | 3247.09 | 605.09 | 55 | 3560/- |
| 12/19 | 2228 (153617 To 155845) | 284.73 Rs.20077/- (030033/ 11.2.20,030050/29.2.20) | 3132.03 | 904.03 | 82.18 | 5795/- |
| 1/20 | 2858 (155845 To 158703) | 315.17 Rs.22823/- (030212/ 20.3.20) | 3466.87 | 608.87 | 55.35 | 4008/- |
| | ആകെ | | | | | 71879.38/- |
| 31.1.20 ൽ അവശേഷിക്കുന്ന ഡീസൽ - 28.5 ലിറ്ററിന്റെ തുക | | | | | | 2064/- |
| ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക | | | | | | 69815.38/- |

NB-1816 കി.മി. ഇലക്ഷൻ ഡ്യൂട്ടിക്ക് യാത്ര ചെയ്തു. ആയത് കിഴിച്ചതിന് ശേഷമാണ് 3/19-ൽ 782കി.മി.ആയി കണക്കാക്കിയിരിക്കുന്നത്. 2634 കി.മി. ഇലക്ഷൻ ഡ്യൂട്ടിക്ക് യാത്ര ചെയ്തു. ആയത് കിഴിച്ചതിന് ശേഷമാണ് 4/19-ൽ 1347 കി.മി. ആയി കണക്കാക്കിയിരിക്കുന്നത്. 10/19 മാസത്തിലെ പേയ്മെന്റ് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 69815/-രൂപ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-20/ 18.11.21

1-18 മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്റ്റ് നം – 56/20, 187/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

2019-20 വർഷം നടപ്പിലാക്കിയ മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം എന്ന പദ്ധതിയ്ക്ക് രണ്ട് പ്രോജക്ടുകളിലായി താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജ നം | അടങ്കൽ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ബിൽ നം – തീയതി |
|---|---|---|---|
| 56/20 | 200000/- 100000/- വികസന ഫണ്ട് 100000/- ഗുണ.വിഹിതം | 26525/- | 14/31-3-20 |
| 187/20 | 145025/- വികസന ഫണ്ട് 145025/- ഗുണ.വിഹിതം 134975/- മറ്റുള്ളവ | 145025/- | 2/2-5-19 |

സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ തീയതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖപ്രകാരം മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം എന്ന പദ്ധതിയിൽ 5 പശുക്കൾ എങ്കിലും ഉള്ള കർഷകർക്ക് കറവയന്ത്രം, റബർമാറ്റ്, ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൌൾ, സ്ലറി പമ്പ്,

ചാണകക്കുഴി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ വാങ്ങുന്നതിന് സബ്സിഡി നല്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഉപകരണങ്ങളായ കാർ വാഷർ, ഫാൻ, തുടങ്ങിയവ വാങ്ങിയതിന് 50% സബ്സിഡി നല്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജ നം – അടങ്കൽ തുക(രൂപ) | ഗുണഭോക്താവിന്റ പേര് | വാങ്ങിയ ഉപകരണം- വില | സബ്സിഡി നല്കിയ തുക(രൂപ) | ബിൽ നം – തീയതി |
|---|---|---|---|---|---|
| 1 | 56/20<br>100000/- വിക. ഫണ്ട്<br>100000/-ഗുണ.വിഹിതം | സുരേന്ദ്രൻ സുരേന്ദ്രവിലാസം | കാർവാഷർ 17850/- | 8925/- | 14/19-20 Dt 31-3-20 |
| 2 | 187/20<br>425025/- | ലത, പാലാഴിയിൽ വീട് | കാർവാഷർ 14500/- | 7250/- | 2/19-20 Dt2-5-19 |
| 3 | -Do- | രാധാകൃഷ്ണ പിള്ള, കൃഷ്ണാലയം | ഫാൻ 2900/- | 1450/- | "<br>-Do- |
| 4 | -Do- | രാമൻപിള്ള അംബികാലയം | ഫാൻ 2400/- | 1200/- | -Do- |
| 5 | -Do- | പ്രശാന്ത്കുമാർ.പി പ്രശാന്ത് ഭവനം | കാർവാഷർ, ഫാൻ 7800/- 6600/- | 7200 | -Do- |
| 6 | -Do- | രാജാകുമാർ കുറവണ വടക്കതിൽ | ഫാൻ 4800/- | 2400/- | -Do- |
| 7 | -Do- | പ്രശാന്ത്കുമാർ.കെ ഇളംകുളത്ത് മന്ദിരം | കാർവാഷർ, ഫാൻ 11650/- 4400/- | 8025/- | -Do- |
| 8 | -Do- | രാധാമണിയമ്മ, കല്ലിങ്കൽവീട് | ഫാൻ 6200/- | 3100/- | -Do- |
| 9 | -Do- | സുകുമാരൻ | ഫാൻ 2530/- | 1265/- | -Do- |
| ആകെ | | | | 40815/- | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ തൊഴുത്ത് കഴുകുന്നതിനും തൊഴുത്തിലെ ചൂട് ക്രമീകരിക്കുന്നതിനും വേണ്ടിയാണ് ഫാനും കാർവാഷറും വാങ്ങിനല്കിയതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാൻ കഴിയില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഉപകരണങ്ങൾക്ക് സബ്സിഡി നല്കിയ ഇനത്തിൽ ചെലവഴിച്ച 40815/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 24/19-20, Dt 19-11-21

1-19 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 1852082/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവിനാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| പ്രോജക്ട് നം/ഇനം | ഫണ്ട് | അടങ്കൽ(തുക) | ചെലവ് (തുക) | ബിൽനം. |
|---|---|---|---|---|
| S0005/20 - സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1760000/- | 1752170/- | 16/19-20 Dt.18.10.19 |
| S040/20 - ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് | 300000/- | 74112/-<br>25800/- | 030029/10.2.20<br>030060/3.3.20 |
| ആകെ | | | 1852082/- | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി-ക്ക് കത്ത നൽകിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1852082/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-13, 15.11.21

ഓഡിറ്റ് എൻക്വയറി നം-21, 18.11.21

## 1-20 പദ്ധതി അടങ്കൽ തുകയിൽ അധികം നൽകിയ 33686/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – S0173/20

അടങ്കൽ തുക – 407014/- (വികസന ഫണ്ട് -ജനറൽ)

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും അധികമായി ചെലവ് നടത്തിയതായി കാണുന്നു. ഒരു ട്രിപ്പിന് 1300/-രൂപ നിരക്കിൽ 339 ട്രിപ്പിന് ആകെ 4,40,700/-(ബിൽ നം- 1/19-20, Dt. 18.5.19)രൂപ ചെലവഴിച്ചു. അംഗീകാരം ലഭിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ അധികമായി ചെലവ് നടത്തിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും അധികം നൽകിയ 33686/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 23/ 18.11.21

## 1-21 മഴക്കാല രോഗപ്രതിരോധങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവു തുക |
|---|---|---|
| മഴക്കാല രോഗപ്രതിരോധങ്ങൾ S0093/20 | സംസ്ഥാനാവിഷ്കൃത ഫണ്ട് - 190000/-<br>തനതു ഫണ്ട്- 95000/- | സംസ്ഥാനാവിഷ്കൃത ഫണ്ട്- 190000/- |

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ) നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം നടത്തിയ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർക്ക് 190000/-രൂപ (ചെക്ക് നം.

523334/10.01.2020) നൽകിയിരുന്നു. എന്നാൽ വിനിയോഗരേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തിതിനാൽ. 190000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 26 /2019-20 /23.11.2021

1-22 വസ്തുവിന്റെ വിസ്തീർണ്ണത്തിന ആനുപാതികമായി ആനുകൂല്യം നിജപ്പെടുത്തേണ്ടതാണ്

പ്രോജക്ട് നം. S0070/20

കിഴങ്ങു കൃഷി വികസന പദ്ധതി

വികസന ഫണ്ട് - 50000/-( SCP)

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്- 50000/-

ആകെ – 100000/-

ചെലവ് - 50000/-(പ്ലാൻ വിഹിതം)

മേൽ പ്രോജക്ട് പ്രകാരം 50 ഗുണഭോക്താക്കൾക്ക് 1000/-രൂപ വീതം സബ്സിഡിയായി നൽകിയിരിക്കുന്നു. 10 സെന്റ് സ്ഥലത്ത് കിഴങ്ങുവർഗങ്ങൾ കൃഷി ചെയ്യുന്നവർക്ക് 1000/- രൂപ വീതം നല്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ കൃഷി ഭൂമിയുടെ വിസ്തൃതി പരിഗണിയ്ക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും 1000/- രൂപ വീതം നല്കിയിരിക്കുന്നു.

ഉദാ- 1. ശാന്ത, പള്ളത്ത് വീട് വാർഡ്- 5 വസ്തുവിന്റെ അളവ്- 2 സെന്റ്,

2. ബിന്ദുറാണി, വാർഡ്-4 വസ്തുവിന്റെ അളവ്- 8.1 സെന്റ്

പദ്ധതി നടത്തിപ്പ് എന്നത് പണം വിതരണത്തിൽ മാത്രം ഒതുങ്ങുന്ന എന്നതിന്റെ ഉദാഹരണായി ഇതിനെ ഓഡിറ്റ് നിരീക്ഷിക്കുന്നു. വസ്തുവിന്റെ വിസ്തീർണ്ണം കണക്കിലെടുത്ത് കൂടുതൽ കാര്യക്ഷമമായി പദ്ധതി നിർവ്വഹണം നടത്താൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-23 ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം- 63/20

പഠനമുറി എസ് സി വിദ്യാർത്ഥികൾക്ക്

അടങ്കൽ - 3000000/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് – 1725000/-

നിർവ്വഹണോദ്യോഗസ്ഥൻ- അസി.സെക്രട്ടറി

ബിൽ വിവരം

ബിൽ.നം.11/13-11-19 തുക- 450000/-

ബിൽ.നം.12/13-11-19 തുക- 375000/-

ബിൽ.നം.13/14-12-19 തുക- 50000/-

ബിൽ.നം.14/17-12-19 തുക- 100000/-

ബിൽ.നം.16/18-01-20 തുക- 100000/-

ബിൽ.നം.17/2-01-20 തുക- 100000/-

ബിൽ.നം.18/25-01-20 തുക- 100000/-

ബിൽ.നം.21/31-01-20 തുക- 350000/-

ബിൽ.നം.34/20-03-20 തുക- 50000/-

ബിൽ.നം.36/23-03-20 തുക- 50000/-

എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനു 100000രൂപ വീതം 30 ഗുണഭോക്താക്കൾക്ക് നൽകാനായിരുന്ന പ്രോജക്റ്റ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം പ്രവൃത്തി പൂർത്തീകരിച്ചില്ല

| ക്രമ നം | ഗുണഭോക്താവ് | വാർഡ് | തുക |
|---|---|---|---|
| 1. | രാജശേഖരൻ, നന്ദിലഴികത്ത് | 11 | 75000/- |
| 2 | ആർ.രാജേന്ദ്രൻ, കുരുവി കുഴിവീട് | 9 | 50000/- |
| 3 | ഗോപി.കെ, ഗോപിസദനം | 7 | 75000/- |
| 4 | തുളസീധരൻ, ആതിരഭവനം | 2 | 50000/- |
| 5 | സുശീല, മുല്ലപ്പള്ളി വീട് | 15 | 50000/- |
| 6 | അനിത, അമൃതാലയം | 5 | 50000/- |
| 7 | സജി, സ്നേഹ സദനം | 4 | 50000/- |
| 8 | ശിവപാലൻ, ശിവമന്ദിരം | 8 | 75000/- |
| 9 | രാധ, ആതിര ഭവൻ | 5 | 50000/- |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം കരാർ പ്രകാരം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലോഗ് ബുക്കിലെ ക്രമക്കേടുകൾ - ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക 69815/-രൂപ നിരാകരിക്കുന്നു.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-24K-1239 എന്ന ബൊലേറോ ജീപ്പിന് ഡീസൽ നിറച്ചതിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ലോഗ് ബുക്കും, ഡീസൽ നൽകിയ സ്ഥാപനത്തിന്റെ ബില്ലുകളും പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞു. കൂടാതെ പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോഗ് ബുക്കിൽ താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ലോഗ് ബുക്കിൽ ഒരോ ദിവസവും യാത്രചെയ്ത കിലോമീറ്ററുകളിൽ വ്യാപകമായ വെട്ടിത്തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

2) മിക്ക യാത്രകളും യാത്രചെയ്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

3) മിക്ക യാത്രകളും യാത്രചെയ്ത സ്ഥലം രേഖപ്പെടുത്തുന്നില്ല.

4) യാത്രചെയ്ത കിലോമീറ്ററുകൾ ഉൾപ്പെടുത്തി ആകെ കിലോമീറ്ററുകൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുമ്പോൾ വലിയ വ്യത്യാസമുണ്ടാകുന്നു.

5) ടാങ്ക് കപ്പാസിറ്റി (60 Lit)യേക്കാൾ കൂടുതൽ ഡീസൽ നിറച്ചതായി ലോഗ്ബുക്കിൽ

രേഖപ്പെടുത്തിയിരിക്കുന്നു.

6) യാത്രചെയ്ത കിലോമീറ്ററുകളും ഡീസൽ നിറച്ചതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (23.12.17-ലെ No.200/Q/17/(245), 20.7.2019-ലെ No.200/Q/2019/(115)എന്നീ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റുകൾ പ്രകാരം 11KM/1 Lit. എന്നതാണ്) ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡീസൽ നിറച്ച കാലയളവ് | യാത്രചെയ്ത കിലോമീറ്റർ | നിറച്ച ഡീസൽ (ലിറ്റർ) നൽകിയ തുക ചെക്ക്നം/തീയതി | നിറച്ച ഡീസൽ പ്രകാരം യാത്രചെയ്യേണ്ട ദൂരം | ആയതിലെ വ്യത്യാസം (കിലോമീറ്റർ) | അവശേഷിക്കുന്ന ഡീസൽ (ലി) | അധികം നൽകിയ തുക(രൂപ) |
|---|---|---|---|---|---|---|
| 2/19 | 3716 (124284 To 128000) | 468.06(31.1.19-ബാലൻസ് 42 Lit.ഉൾപ്പെടെ) Rs.30003/- (020712/20.6.19 | 5148.66 | 1432.66 | 130.24 | 8348.38/- |
| 3/19 | 2598-1816 =782 (128000 To 130598) | 251.16 Rs.15790/ (020712/ 20.6.19 ) | 2767.6 | 1985.6 | 180.5 | 11348/- |
| 4/19 | 3891-2634 =1347 (130598 To 134579) | 0 | 0 | 0 | 0 | 0 |
| 5/19 | 2891 (134579 To 137470) | 341.2 Rs.24104/- (020931/9.8.19) | 3753.2 | 862.2 | 78.38 | 5537/- |
| 6/19 | 2583 (137470 To 140053) | 328.08 Rs.22574/- (020931/9.8.19) | 3608.88.26 | 1025.88 | | 6416/- |
| 7/19 | 3032 (140053 To 143085) | 344.96 Rs.24199/- (030470/7.9.19) | 3794.56 | 762.56 | 69.32 | 4852/- |
| 8/19 | 2838 (143085 To 145923) | 452.96 Rs.53348/- (030691/ 2.11.19) | 4982.56 | 2144.56 | 194.96 | 22015/- |
| 9/19 | 2113 (145923 To 148036) | 313.4 (മേൽ ചെക്ക് നം) | 3447.4 | 1334.4 | 121.3 | |
| 10/19 | 2939 (148036 To 150975) | 300.42 | 3304.62 | 365.62 | 33.2 | Payment നൽകിയ വിശദാംശം ലഭ്യമല്ല. |

| | | | | | | |
|---|---|---|---|---|---|---|
| 11/19 | 2642 (150975 To 153617) | 295.19 Rs.19110/- (030876/ 26.12.19) | 3247.09 | 605.09 | 55 | 3560/- |
| 12/19 | 2228 (153617 To 155845) | 284.73 Rs.20077/- (030033/ 11.2.20,030050/29.2.20) | 3132.03 | 904.03 | 82.18 | 5795/- |
| 1/20 | 2858 (155845 To 158703) | 315.17 Rs.22823/- (030212/ 20.3.20) | 3466.87 | 608.87 | 55.35 | 4008/- |
| | ആകെ | | | | | 71879.38/- |
| 31.1.20 ൽ അവശേഷിക്കുന്ന ഡീസൽ - 28.5 ലിറ്ററിന്റെ തുക | | | | | | 2064/- |
| ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ തുക | | | | | | 69815.38/- |

NB-1816 കി.മി. ഇലക്ഷൻ ഡ്യൂട്ടിക്ക് യാത്ര ചെയ്തു. ആയത് കിഴിച്ചതിന് ശേഷമാണ് 3/19-ൽ 782കി.മി.ആയി കണക്കാക്കിയിരിക്കുന്നത്. 2634 കി.മി. ഇലക്ഷൻ ഡ്യൂട്ടിക്ക് യാത്ര ചെയ്തു. ആയത് കിഴിച്ചതിന് ശേഷമാണ് 4/19-ൽ 1347 കി.മി. ആയി കണക്കാക്കിയിരിക്കുന്നത്. 10/19 മാസത്തിലെ പേയ്മെന്റ് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഡീസൽ നിറച്ചയിനത്തിൽ അധികം നൽകിയ 69815/-രൂപ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-20/18.11.21

3-2 ഡീസൽ നിറയ്ക്കൽ - അധികം പിൻവലിച്ച 1000/-രൂപ നിരാകരിക്കുന്നു.

2020 ഫെബ്രുവരി മാസം 18, 19 തീയതികളിൽ നടന്ന പഞ്ചായത്ത് ദിനാഘോഷപരിപാടിക്ക് പോയ ഗ്രാമപഞ്ചായത്ത് വക ജീപ്പിന് 19-ാം തീയതി തിരികെ കോഴിക്കോട് ജെ.ജെ ഫ്യുവൽസിൽ നിന്ന് 2500/-രൂപയ്ക്ക് ഡീസൽ നിറച്ചതിന്റെ ബില്ല് വൌച്ചറിൽ ഉൾപ്പെടുത്തുകയും, ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ആവശ്യത്തിന് 3500/-(ചെക്ക് നം- 030050/29.2.20) രൂപ പിൻവലിച്ചതായി കാണുന്നു. 1000/-രൂപ അധികം പിൻവലിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 1000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-4/ 15.11.21

3-3 മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്റ്റ് നം -56/20, 187/20

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

2019-20 വർഷം നടപ്പിലാക്കിയ മിനി ഡയറി യൂണിറ്റുകളുടെ ആധുനികവത്കരണം എന്ന പദ്ധതിക്ക് രണ്ട് പ്രോജക്ടുകളിലായി താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജ നം | അടങ്കൽ തുക | ചെലവഴിച്ച തുക(രൂപ) | ബിൽ നം -തീയതി |
|---|---|---|---|
| 56/20 | 200000/- 100000/- വികസന ഫണ്ട് | 26525/- | 14/31-3-20 |

| | | | |
|---|---|---|---|
| | 100000/- ഗുണ.വിഹിതം | | |
| 187/20 | 145025/- വികസന ഫണ്ട്<br>145025/- ഗുണ.വിഹിതം<br>134975/- മറ്റുള്ളവ | 145025/- | 2/2-5-19 |

സർക്കാർ ഉത്തരവ് (കൈ)നം 22/2018/തസ്വഭവ തീയതി 14-2-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖപ്രകാരം മിനി ഡയറി യൂണിറ്റ് ആധുനികവത്കരണം എന്ന പദ്ധതിയിൽ 5 പശുക്കൾ എങ്കിലും ഉള്ള കർഷകർക്ക് കറവയന്ത്രം, റബർമാറ്റ്, ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൌൾ, സ്ലറി പമ്പ്, ചാണകക്കുഴി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ വാങ്ങുന്നതിന് സബ്സിഡി നല്കാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഉപകരണങ്ങളായ കാർവാഷർ, ഫാൻ, തുടങ്ങിയവ വാങ്ങിയതിന് 50% സബ്സിഡി നല്കിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജ നം – അടങ്കൽ തുക | ഗുണഭോക്താവിന്റ പേര് | വാങ്ങിയ ഉപകരണം-വില | സബ്സിഡി നല്കിയ തുക | ബിൽ നം – തീയതി |
|---|---|---|---|---|---|
| 1 | 56/20<br>100000/-<br>വിക. ഫണ്ട്<br>100000/-ഗുണ.വിഹിതം | സുരേന്ദ്രൻ<br>സുരേന്ദ്രവിലാസം | കാർവാഷർ<br>17850/- | 8925/- | 14/19-20<br>Dt<br>31-3-20 |
| 2 | 187/20<br>425025 | ലത, പാലാഴിയിൽ വീട് | കാർവാഷർ<br>14500/- | 7250/- | 2/19-20<br>Dt2-5-19 |
| 3 | -Do- | രാധാകൃഷ്ണ പിള്ള, കൃഷ്ണാലയം | ഫാൻ<br>2900/- | 1450/- | "<br>-Do- |
| 4 | -Do- | രാമൻപിള്ള<br>അംബികാലയം | ഫാൻ<br>2400/- | 1200/- | -Do- |
| 5 | -Do- | പ്രശാന്ത്കുമാർ.പി<br>പ്രശാന്ത്ഭവനം | കാർവാഷർ, ഫാൻ<br>7800/-<br>6600/- | 7200/- | -Do- |
| 6 | -Do- | രാജാകുമാർ<br>കുറുവണ<br>വടക്കതിൽ | ഫാൻ<br>4800/- | 2400/- | -Do- |
| 7 | -Do- | പ്രശാന്ത്കുമാർ.കെ<br>ഇളംകുളത്ത്<br>മന്ദിരം | കാർവാഷർ, ഫാൻ<br>11650/-<br>4400/- | 8025/- | -Do- |
| 8 | -Do- | രാധാമണിയമ്മ,<br>കല്ലിങ്കൽവീട് | ഫാൻ<br>6200/- | 3100/- | -Do- |

| | | | | | |
|---|---|---|---|---|---|
| | -Do- | സുകുമാരൻ | ഫാൻ 2530/- | 1265/- | -Do- |
| ആകെ | | | | 40815/- | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ തൊഴുത്ത് കഴുകുന്നതിനും തൊഴുത്തിലെ ചൂട് ക്രമീകരിക്കുന്നതിനും വേണ്ടിയാണ് ഫാനും കാർവാഷറും വാങ്ങി നല്കിയതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാൻ കഴിയില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഉപകരണങ്ങൾക്ക് സബ്സിഡി നല്കിയ ഇനത്തിൽ ചെലവഴിച്ച 40815/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 24/19-20 Dt 19-11-21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 15.11.21 മുതൽ 17.11.21 വരെ | കെ.എസ്.എ.കെ.എൽ.എം.പി.11/1715/2021 തീയതി. 27.04.2022 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 158168/- | അനുപൂരക പോഷകാഹാര പദ്ധതി(SNP) | 158168/- | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 31546/- | പാലിന് സബ്സിഡി | 31546/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 99042/- | നെൽകൃഷി വികസനം | 99042/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 228150/- | പാലിന് സബ്സിഡി | 228150/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 100000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 416594/- | പാലിയേറ്റീവ് | 416594/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 216594/- | പാലിയേറ്റീവ് | 216594/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | ചെക്ക് നം. | തുക(രൂപ) | | തുക(രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ S00142 | 21901000 | 175077/- | 175077/- | 2042703/- |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ S005 | 21901009 | 93191/- | 93191/- | |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ S005 | 21901015 | 919513/- | 919513/- | |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ S005 | 21901016 | 739466/- | 739466/- | |
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ S00142 | 21901363 | 41344/- | 41344/- | |
| | സ്ട്രീറ്റ് മെയിൻ ഷിഫ്റ്റിംഗ് | 41900264 | 74112/- | 74112/- | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്.)111/2018 തീയതി 13.08.18 | 6383387/- | 6383387/- | 867647/- | - | 5515740/- |

4-6 സ്ഥിര നിക്ഷേപം സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101570463/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65475617/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6392/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 111630/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2097197/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36501/-(part) | ശ്രീമതി മേരിലത, സെക്രട്ടറി |
| 3-1 | | 33314/-(part) | ശ്രീ.രാധാകൃഷ്ണൻ.ജി, സെക്രട്ടറി |
| 3-2 | | 1000/- | ശ്രീ.രാധാകൃഷ്ണൻ.ജി, സെക്രട്ടറി |
| 3-3 | | 40815/- | ശ്രീ സുധീഷ് കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 (Part) | 6184/- | ശ്രീമതി മേരിലത, സെക്രട്ടറി |

| | | |
|---|---|---|
| 1-16 (Part) | 15245/- | ശ്രീ.രാധാകൃഷ്ണൻ.ജി, സെക്രട്ടറി |
| 1-19 (Part) | 1752170/- | ശ്രീമതി.മേരിലത, സെക്രട്ടറി |
| 1-19 (Part) | 99912/- | ശ്രീ.രാധാകൃഷ്ണൻ.ജി, സെക്രട്ടറി |
| 1-20 | 33686/- | ശ്രീമതി.മേരിലത, സെക്രട്ടറി |
| 1-21 | 190000/- | ഡോ.ജോൺ, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മേരിലത, സെക്രട്ടറി | അവധിയിൽ | പൊൻപുലരി, ശാസ്താംകോട്ട പി.ഒ. |
| ശ്രീ.രാധാകൃഷ്ണൻ.ജി, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത് | വായിക്കാട്ടുശ്ശേരിൽ, പ്രയാർ സൌത്ത്, ആലുംപീടിക പി.ഒ, ഓച്ചിറ |
| ശ്രീ.സുധീഷ് കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, വെട്ടിക്കവല ബ്ലോക്ക് | തെങ്ങുംതുണ്ടിൽ വീട്, ചെറുമങ്ങാട്, പുത്തൂർ പി.ഒ. |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, കുളക്കട എൽ.പി.എസ് | ശ്രുതിലയ, കുളക്കട ഈസ്റ്റ് പി.ഒ |
| ഡോ. ജോൺ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ശക്തികുളങ്ങര സി.എച്ച്.സി | ജി.ജെ വില്ല, മുക്കാട് നഗർ-36 കാവനാട് പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-11-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-11-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |

| | |
|---|---|
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2011-12 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2012-13 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-3/850/2016/02-06-2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-8-1755/16/27-12-2016 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-11-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-11-221/19/12-04-2019 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.11/391/2020/17/06/2020 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്